**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5435** **24-03-2025 - ൽ മറുപടിയ്ക്ക്**

**ഫയലുകളുടെ നീക്കം ത്വരിത ഗതിയിൽ ആക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സർക്കാർ ഓഫീസുകളിൽ ഫയലുകളുടെ നീക്കം ത്വരിത ഗതിയിൽ ആക്കാൻ എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ; | (എ) | ഇ-ഓഫീസ് നടപ്പിലാക്കിയ വകുപ്പുകളിൽ ഫയൽ നീക്കം ത്വരിതപ്പെടുത്തിയിട്ടുണ്ട്. പ്രതിമാസ പ്രവർത്തന പത്രിക ഇലക്ട്രോണിക്കലി ജനറേറ്റ് ചെയ്ത് അതിന്റെ അടിസ്ഥാനത്തിൽ ഫയൽ തീർപ്പാക്കൽ നിരീക്ഷിച്ചു വരുന്നു. വകുപ്പിന്റെ എല്ലാ തലത്തിലുമുള്ള നിർവ്വഹണത്തെ പ്രവർത്തനാവലോകന പത്രിക പ്രകടമാക്കുന്നതിനോടൊപ്പം ഫയൽ തീർപ്പാക്കൽ ത്വരിതപ്പെടുത്തുന്നതിന് സഹായകമാകുകയും ചെയ്യുന്നുണ്ട്.<br>എല്ലാ മാസവും പേഴ്സണൽ രജിസ്റ്റർ , ഫയൽ ഇയർ പെൻഡൻസി റിപ്പോർട്ട് എന്നിവ പരിശോധിച്ചും പ്രതിമാസ പ്രവർത്തന പത്രിക വിശകലനം ചെയ്തു അവലോകന റിപ്പോർട്ട് തയ്യാറാക്കി എല്ലാ വകുപ്പ് തലവന്മാർക്കും സെക്രട്ടറിമാർക്കും സമർപ്പിക്കുവാൻ നിർദ്ദേശമുണ്ട്. അവലോകന റിപ്പോർട്ട് പരിശോധിച്ച് ഫയൽ അദാലത്തുകൾ ഉൾപ്പെടെ നടത്തി ഫയൽ പെൻഡൻസി കുറക്കുന്നതിനും കെട്ടിക്കിടക്കുന്ന ഫയലുകളും തപാലുകളും തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | സർക്കാരിന് ലഭിക്കുന്ന ഒരു അപേക്ഷയിന്മേൽ നിശ്ചിത സമയത്തിനകം തീരുമാനം എടുക്കുന്നതിന് ഓഫീസ് മാനുവലുകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ; | (ബി) | കേരള സെക്രട്ടറിയേറ്റ് ഓഫീസ് മാന്വൽ അദ്ധ്യായം 1 ഖണ്ഡിക 12 പ്രകാരം സമയപരിധി നിശ്ചയിച്ചിട്ടുള്ള പേപ്പറുകൾ ഒഴികെയുള്ള കേസുകളിൽ തപാൽ/ അപേക്ഷ ലഭിച്ച 5 ദിവസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണെന്ന് വ്യവസ്ഥയുണ്ട്. കൂടാതെ ഫയൽ നടപടിക്രമങ്ങൾ വൈകിപ്പിക്കാതിരിക്കുന്നതിനായി സെക്ഷൻ ഓഫീസറിൽ നിന്നും സെക്രട്ടറി/മന്ത്രിതലം വരെയുള്ള ഫയൽ നീക്കത്തിനുള്ള സമയപരിധി 10 ദിവസമാക്കിയും മറ്റു വകുപ്പുകളിൽ നിന്ന് ഉപദേശം |

| | | | |
|---|---|---|---|
| | | | തേടുന്ന സന്ദർഭത്തിൽ രണ്ടാഴ്ച സമയപരിധിയിൽ ഉപദേശം നൽകേണ്ടതാണെന്നും നിർദ്ദേശമുണ്ട്. |
| (സി) | ഫയലുകൾ തീർപ്പ് കൽപ്പിക്കാതെ ബോധപൂർവ്വം കൈവശം വച്ച് താമസിപ്പിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | കൃത്യ നിർവഹണത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ